(സി) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ ഹൈടെക് ക്ലാസ് റൂമുകൾ പൂർത്തീകരിക്കേണ്ട സർക്കാർ/എയ്ഡഡ് സ്കൂളുകളുടെ പേരുവിവരവും പൂർത്തീകരിക്കേണ്ട ക്ലാസ് റൂമുകളുടെയും വിവരങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ - സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**പൊതുവിദ്യാഭ്യാസത്തിന് ഒറ്റവകുപ്പ്**

229(1387) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, പൊതുവിദ്യാഭ്യാസം എന്നിവ സംയോജിപ്പിച്ച് ഒറ്റവകുപ്പ് ആക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

2009-ലെ വിദ്യാഭ്യാസ അവകാശനിയമം സംസ്ഥാനത്ത് പൂർണ്ണമായും നടപ്പിലാക്കുന്നതിനാവശ്യമായ പഠനം നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഡോ. എം. എ. ഖാദർ ചെയർമാനായ ഒരു മൂന്നംഗ വിദഗ്ദ്ധ സമിതി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. മറ്റ് പല നിർദ്ദേശങ്ങളോടൊപ്പം 12-ാം ക്ലാസ്സുവരെയുള്ള വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കാനുതകുംവിധം ഘടനാപരമായ മാറ്റം ഉൾപ്പെടെ എല്ലാ വശങ്ങളും പഠിച്ച് നിർദ്ദേശിക്കുന്നതിനായി ടി സമിതിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

**സാക്ഷരതാ മിഷൻ**

230(1388) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം പദ്ധതികൾ സാക്ഷരതാമിഷൻ ആവിഷ്ക്കരിച്ച് നടപ്പിലാക്കി; വിശദമാക്കുമോ;

(ബി) സാക്ഷരതാ മിഷനിൽ എത്ര ഗവൺമെന്റ് ജീവനക്കാർ ഡെപ്യൂട്ടേഷനിൽ വന്നിട്ടുണ്ട്; തസ്തിക തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) സാക്ഷരതാ മിഷനിൽ എത്ര താത്ക്കാലിക ജീവനക്കാർ ഉണ്ട്; പ്രസ്തുത ജീവനക്കാരുടെ നിയമനം ഏത് രീതിയിലാണ് നടത്തിയതെന്ന് വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly